മറുനാടൻ പേരുകൾ മലയാളത്തിൽ

വി. വി. ഗോവിന്ദൻനായർ



മറുനാടൻ പേരുകൾ മലയാളത്തിൽ

വി. വി. ഗോവിന്ദൻനായർ
(മലയാളം: ലേഖനം)

© 2026, V. V. Govindannair

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Mountain Brook, a painting by Albert Bierstadt (1830–1902). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മറുനാടൻ പേരുകൾ മലയാളത്തിൽ

ഈയിടെ നമ്മുടെ മാധ്യമങ്ങളിൽ പലപ്പോഴും കാണായ ഒരു പേരാണ് സുവേന്ദു അധികാരി. ആൾ ശുഭേന്ദുവാണ്. ഇംഗ്ലീഷിൽ Suvendu എന്നെഴുതും. അതെങ്ങിനെ?

ഭാരതീയഭാഷകളിലെ 'ശ' കാരത്തെ ഉത്തരേന്ത്യക്കാർ പ്രായേണ 'sh' കൊണ്ടും ചിലപ്പോൾ 's' കൊണ്ടുമാണ് ഇംഗ്ലീഷിൽ കുറിക്കുന്നത്. ഇംഗ്ലീഷിലെ 'v' എന്ന അക്ഷരം ബംഗാളികൾ ഉച്ചരിക്കുന്നത് 'ഭി' എന്നും അതുകൊണ്ട് സ്വഭാഷയിലെ 'ഭ'കാരം അവർ ചിലപ്പോൾ 'v' എന്നാണ് ഇംഗ്ലീഷിൽ എഴുതുക. Amitav Ghosh എന്നാൽ അമിതാഭ് ഘോഷ്, Shova Sen ശോഭാ സേൻ, Suvendu ശുഭേന്ദു. ചിലപ്പോൾ bh എന്നും എഴുതും. അതുകൊണ്ട്, ഭട്ടാചാര്യന്മാർ ഇവിടെയെത്തുമ്പോൾ വട്ടാചാര്യന്മാരായിട്ടില്ല.

ഭാരതീയനാമങ്ങൾ ഇംഗ്ലീഷിനെ ആശ്രയിച്ച് എഴുതുന്നതിൽ കുഴപ്പം ചില്ലറയല്ല. Gur Kirat Singh, Har Kirat Singh എന്നും മറ്റും പഞ്ചാബികൾക്ക് പേരുണ്ട്. Kirat എന്നാൽ കീരത് (കീർത്തനം). അത് കിരാത് എന്നെഴുതിയാൽ ആൾ കാട്ടാളനാകും. ബംഗാളിലെ ഗുണ്ടാ Gunda എന്ന ഇംഗ്ലീഷ് വേഷത്തിൽ ഇവിടെ വന്നാൽ നമ്മൾ അയാളെ ഗുണ്ടയാക്കും. ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം ലഭിച്ചത് ജി ശങ്കർ കുരുപ് എന്ന മലയാളകവിക്കാണെന്ന് ഒരിക്കൽ ഒരു ബംഗാളി വാരികയിൽ കാണുകയുണ്ടായി. Kurup എന്ന ഇംഗ്ലീഷ് സ്പെല്ലിങ്ങ് പറ്റിച്ച പണി! അമർത്യ സേൻ എന്ന പുരുഷനെ അമർത്യാ സെൻ എന്ന് പെണ്ണാക്കി മാറ്റുന്നവരാണ് ഇവിടെപ്പലരും. ഈയിടെ സായനി ഘോഷിനെ മലയാളമാധ്യമങ്ങൾ അവതരിപ്പിച്ചത് സയോനി ഘോഷ് എന്നാണ്. അവർ അത് കേൾക്കാൻ ഇടവരാതിരിക്കട്ടെ!

അടുത്ത കാലത്ത് പ്രത്യക്ഷപ്പെട്ട മറ്റൊരു പേരാണ് ഐഷി ഘോഷ്, അച്ഛനമ്മമാരിട്ട പേര് ഐശി. അതിന്റെ അർത്ഥമറിയാൻ ബംഗാളി പഠിക്കേണ്ട, മലയാളം പഠിച്ചാൽ മതി.

ഈ വടക്കന്മാർ 'ശ' എന്നത് 'sh' എന്ന് തെറ്റായി എഴുതുന്നതാണ് കുഴപ്പം എന്ന് പറയാൻ വരട്ടെ. 'ശ'കാരത്തിന് ഇംഗ്ലീഷിൽ ലിപിയില്ല. അത് നമ്മൾ 'സ'കാരോച്ചാരണം വരുന്ന 's' കൊണ്ടും അവർ 'ഷ'കാരോച്ചാരണം വരുന്ന 'sh'കൊണ്ടും കുറിക്കുന്നുവെന്നേയുള്ളൂ. അതിന് വേറെത്തന്നെ ലിപിയുള്ള മലയാളത്തിൽ 'ഷ' എന്നെഴുതുന്നതാണ് തെറ്റ്. ഹിന്ദിയിൽ സുരേശ് എന്ന് ശരിയായി എഴുതുമ്പോൾ മലയാള ത്തിൽ സുരേഷ് എന്ന് തെറ്റിച്ചാണല്ലോ എഴുതുന്നത്. ഹിന്ദിക്കാർക്ക് ഹിന്ദിയറിയാം, മലയാളികൾക്ക് മലയാളമറിയില്ല എന്നതാണ് സത്യം.

മലയാളമാധ്യമങ്ങളുടെ മറുനാടൻ പ്രതിനിധികൾ അതതിടത്തെ പേരുകൾ അന്നാട്ടുകാർ എങ്ങിനെ പറയുന്നു, എഴുതുന്നു എന്നൊന്ന് ശ്രദ്ധിച്ചാൽ മതി, അവയുടെ ശരിരൂപം അറിയാം. ഉദാഹരണത്തിന്, ദില്ലി മുഖ്യമന്ത്രിയും കേരളഗവർണ്ണരുമായിരുന്ന ശീലാ ദീക്ഷിതിനെ നമ്മുടെ പത്രങ്ങൾ അച്ചടിച്ചു പോന്നത് ഷീലാ ദീക്ഷിത് എന്നാണ്. അവയുടെ ദില്ലി പ്രതിനിധികൾ ഇടക്ക് വല്ലപ്പോഴും ഹിന്ദിപ്പത്രങ്ങളിലൂടെ ഒന്ന് കണ്ണോടിച്ചിരുന്നുവെങ്കിൽ ഈ തെറ്റ് പറ്റില്ലായിരുന്നു. അദ്വാനി (ആഡ്വാണി), കൊത്താരി (കോഠാരി), ചൌള (ചാവ്ല), ഛദ്ദ (ചഡ്ഡ), പതക്ക് (പാഠക്), രാകേഷ് (രാകേശ്), രോഷൻ (രോശൻ), റാത്തോഡ് (രാഠൌഡ്), സേത് (സേഠ്) മുതലായി വേറെയും പല പേരുകളും വലയത്തിൽ കൊടുത്തപോലെ ശരിയായി എഴുതാനും കഴിഞ്ഞേനെ.

ഒട്ടൊന്നാലോചിച്ചാൽ, കേരളത്തിലിരുന്നുകൊണ്ടുതന്നെ പലപേരുകളും നേരെ മനസ്സിലാക്കാം. അമർത്യ എന്നമാത്രം പറഞ്ഞാൽ സ്ത്രീലിംഗമാണെന്ന് സ്കൂൾകുട്ടികൾക്ക് പോലും അറിയാമല്ലൊ. അമർത്യാ എന്ന് നീട്ടിയാൽപ്പിന്നെ പറയാനുണ്ടോ? ഉമാ നായർ, രാധാ മാരാർ എന്നൊക്കെ ഇവിടെയും പേരുണ്ടല്ലൊ. ഹിന്ദി അക്ഷരമാലയെങ്കിലും പഠിച്ച ആർക്കുമറിയാം, അതിൽ ഏ, ഓ എന്നീ ദീർഘ രൂപങ്ങളേയുള്ളൂ എന്ന്. ബംഗാളിയിലും അങ്ങിനെയാവാമെന്നതിനാൽ, 'സെൻ' ആവില്ല 'സേൻ' ആവണം എന്ന് ഊഹിക്കുകയെങ്കിലും ചെയ്യുകയേ ചന്ദ്രസേനൻ എന്നും മറ്റും നമുക്കിടയിലും പേരുള്ളപ്പോൾ? ഉത്തരേന്ത്യക്കാർ 'sh' കൊണ്ട് കുറിക്കുന്നത് മിക്കവാറും 'ശ'കാരമാണെന്നോർത്താൽ, Arun Shouri അരുൺ ശൗരിയാണ്, ഷൂരിയും മറ്റുമല്ല എന്നറിയാം; യാഷ് ചോപ്രയല്ല യശ് ചോപ്രയാണെന്നും. അതുപോലെ, ഒരു ദീക്ഷിതകുടുംബാംഗം ശീലയാവാനാണ് സാധ്യതയെന്നും വിചാരിച്ചുകൂടെ? സുശീലയെന്നും ശീലാവതിയെന്നും മറ്റും ഇവിടെയും പേരുണ്ടല്ലൊ. ആശുതോഷൻ എന്ന ശിവപര്യായമറിയുന്നവർക്ക്, Asutosh എന്ന് കണ്ടാൽ അശുതോഷല്ല ആശുതോഷാണ് എന്നറിയാനും പ്രയാസമില്ല (വേഗം സന്തോഷിക്കുന്നവനാണ് ആശുതോഷൻ; അശുതോഷന് വല്ല അർത്ഥവുമുണ്ടെങ്കിൽ ഇത്തിരിമാത്രം സന്തോഷിക്കുന്നവൻ എന്നാവും.) രാമന് രാധയുമായി ഒരു ബന്ധവുമില്ലെന്നോർത്താൽ, Radharaman രാധാരാമനല്ല രാധാരമൺ ആണ് എന്നുമറിയാം.

ഉത്തരഭാരതീയഭാഷകളിലെ രേഫത്തെ മലയാളികൾ 'റ' എന്നാക്കി മാറ്റുന്നത് എന്തുകൊണ്ടാണാവോ! ചില കൂട്ടക്ഷരങ്ങളിലും (ഉദാ: ചക്രവർത്തി) പദാവസാനവും (ഉദാ: രഘുവർ) 'ർ'എന്ന ഉച്ചാരണം വരുമെങ്കിലും, ഹിന്ദിയിലും ബംഗാളിയിലും 'ർ'എന്ന് വേറിട്ട് ഒരക്ഷരം ഇല്ലെന്നു തന്നെ പറയാം. ഹൌറാ എന്ന് ബംഗാളിയിൽ 'ഹാഓഡാ' എന്നും ഹിന്ദിയിൽ 'ഹാവ്ഡാ' എന്നും എഴുതി, ഉച്ചാരണഭേദം കാണിപ്പാൻ 'ഡ'കാരത്തിന് കീഴെ ഒരു ബിന്ദു ചേർക്കുകയാണ് പതിവ്. പദാദിയിൽ ഇത് വരാറുമില്ല. റബ്ബർ എന്ന് ഹിന്ദിയിൽ 'രബഡ്' (ബിന്ദുസഹിതം) എന്നും ബംഗാളിയിൽ രാബാര(ർ) എന്നുമാണ് എഴുതുന്നത്. അതുകൊണ്ട്, സത്യജിത് രായ് എന്നല്ലതാതെ, സത്യജിത് റായ് എന്ന് വരില്ല. കൃഷ്ണദേവരായൻ മുതലായ ദക്ഷിണേന്ത്യൻ നാമങ്ങളിലും രേഫംതന്നെയാണല്ലൊ. രാജാ രാംമോഹൻ രായ് എന്ന പേര് രാജാറാം മോഹൻ റോയ് എന്നെഴുതുന്നതിൽ രണ്ടിടത്ത് അക്ഷരത്തെറ്റുള്ളതിന് പുറമെ, രാജാറാം എന്ന് ചേർത്തെഴുതുന്നതിലെ വൈരൂപ്യം വേറെയുമുണ്ട് രാജാറവി വർമ എന്നെഴുതുംപോലെ.

മറുനാടൻ പേരുകൾ മലയാളത്തിൽ എഴുതുമ്പോൾ എത്രത്തോളം മൂലാനുസാരിയാവണം എന്നത് മറ്റൊരു ചിന്താവിഷയമാണ്. ഒന്നാമത്, ഒരു ഭാഷയിലെ ഉച്ചാരണഭേദങ്ങൾ മുഴുവൻ മറ്റൊരു ഭാഷയിൽ പകർത്താനാവില്ല. ഷാജഹാൻ എന്നതിന് പകരം ശാഹ് ജഹാങ് എന്നെഴുതിയാലും ഉച്ചാരണം പൂർണമായും ശരിയാവില്ല. (ഹിന്ദിയിലെഴുതുമ്പോൾ വള്ളത്തോൾ വല്ലത്തോലും കുറ്റിപ്പുറം കുട്ടിപ്പുരവും ഒറ്റപ്പാലം ഓട്ടപ്പാലവും ചെറിയാൻ ചേരിയാനും ആവാതെ വയ്യ) രണ്ടാത്തത്, അന്യഭാഷകളിലെ ഉച്ചാരണം അതേപടി പകർത്തുന്നത് ചിലപ്പോൾ ആശാസ്യവുമല്ല. ബിബേകാനൊന്തൊ, ഒരൊബിന്തൊ എന്നൊക്കെ മലയാളത്തിൽ ഗോഷ്ടിയാണ്. നമുക്ക് വിവേകാനന്ദനും അരവിന്ദനും തന്നെ മതി. എന്നു വെച്ച് മൻമോഹൻ സിങ്ങിനെ മനമോഹനസിംഹനാക്കുന്നത് ഇന്ന് സ്വീകാര്യമാവില്ല. മദനമോഹനമാളവിയ, ബാലഗംഗാധരതിലകൻ, കേശവചന്ദ്രസേനൻ, മധുസൂദനദത്തൻ എന്നൊക്കെ ഒരു കാലത്ത് കേരളത്തിലെ എഴുത്തുകാർ എഴുതിയിരുന്നുവെങ്കിലും, ഹിന്ദീകൃത നാമങ്ങൾ മലയാളത്തിൽ അംഗീകൃതമായ ഇക്കാലത്ത് ആ രീതി തുടരാനാവില്ല. മൂലഭാഷയോട് ആവുന്നതും അടുപ്പിച്ച്, മലയാളരീതിയ്ക്ക് ഇണങ്ങുമാറ്, എഴുതുകയാവും ഭേദം. ഉദാ: രവീന്ദ്രനാഥഠാക്കുർ, ശരച്ചന്ദ്രചട്ടോപാധ്യായ(ൻ), വിഭൂതിഭൂഷൺ വന്ദ്യോപാധ്യായ(ൻ) (ഠാകുർ എന്നേ എഴുത്തിലുള്ളൂ. പക്ഷേ, മലയാളത്തിൽ ശരിയായ ഉച്ചാരണത്തിന് 'ക' ഇരട്ടിച്ചെഴുതണം.) അകാരാന്തപുംലിംഗശബ്ദങ്ങളോട് 'ൻ' ചേർത്തെഴുതുന്നതാവും വിഭക്തിപ്രത്യയവും സമുച്ചയവും മറ്റും ചേർക്കാൻ സൌകര്യം. 'ഉപാധ്യായയുടെ' എന്നതിൽ ഒരു സ്ത്രീലിംഗപ്രതീതിയുണ്ടല്ലൊ. വ്യഞ്ജനാന്തശബ്ദങ്ങളിലും ഇതുതന്നെയാണ് സൌകര്യമെങ്കിലും, 'ൻ' ചേർത്ത പേരുകൾ നാം സ്വഭാഷയിലും വെടിഞ്ഞുകളഞ്ഞിട്ട് കാലം കുറച്ചായല്ലൊ. അതുകൊണ്ട്, അമർത്യസേനെ/സേന്റെ/സേനും എന്നൊക്കെത്തന്നെയാവാം. എങ്കിലും വിഭൂതിഭൂഷൺന്റെ, വിഭൂതിഭൂഷൺന്ന് എന്നൊക്കെ എഴുതുന്നതിലും ഭേദം വിഭൂതിഭൂഷണന്റെ, വിഭൂതിഭൂഷണന്ന് എന്നും മറ്റുമല്ലേ?

അറിയായ്കകൊണ്ട് ആർക്കും തെറ്റ് പറ്റാം; അത് പൊറുക്കാം, തിരുത്താം. എന്നാൽ, മറ്റുള്ളവരെക്കാൾ അറിവ് തങ്ങൾക്കുണ്ടെന്ന ഭാവത്തിൽ ചിലർ എഴുന്നള്ളിക്കുന്ന അബദ്ധങ്ങൾ പൊറുക്കാവുന്നതല്ല. ഒരുദാഹരണം പറയാം: വിഭൂതിഭൂഷൺ, വന്ദ്യോപാധ്യായന്റെ വിഖ്യാതനോവലാണല്ലൊ 'പഥേർ പാഞ്ചാലി'. അതിന്റെ മൂന്ന് പതിപ്പുകൾ ഞാൻ വായിച്ചിട്ടുണ്ട്. മൂന്നിലും ഗ്രന്ഥനാമം 'പഥേർ പാഞ്ചാലീ' (ഈകാരാന്തം) എന്ന തന്നെ. ഇംഗ്ലീഷ് വിവർത്തകന്മാർ എഴുതിയിരിക്കുന്നത് Pather Panchali എന്ന്. മലയാളത്തിൽക്കണ്ട നാല് വിവർത്തനങ്ങളിലും 'പാഞ്ചാലി' തന്നെ. എന്നാൽ, അടുത്ത കാലത്ത് മാതൃഭൂമി പത്രത്തിൽ പല തവണയും 'പാഞ്ജലി' എന്ന് കണ്ടു. ശ്രീ കെ. സി. നാരായണന്റെ 'അക്ഷരം പ്രതി' എന്ന പുസ്തകത്തിലും കാണാം സത്യജിത് റായിയുടെ 'പഥേർ പാഞ്ജലി' എന്ന്. കൂട്ടത്തിൽ, അതിലെ ഒരു കഥാപാത്രമായ 'സർവജയ'യുടെ, ബംഗാളി ഉച്ചാരണം 'ഷൊർബോ ജയ' എന്നാണെന്നും. (സകാരോച്ചാരണം ഷകാരച്ഛായയിൽ; അകാരോച്ചാരണം 'ഒ' എന്ന് വകാരം 'ബ' എന്ന്; ജയശബ്ദത്തിന്റെ സ്ത്രീലിംഗം ആകാരാന്തം. അതനുസരിച്ച്, 'ഷൊർബൊജൊയാ' എന്നുച്ചാരണം) 'പാഞ്ജലി' എന്ന ഭാഷയാണെന്ന് എനിക്കറിഞ്ഞുകൂടാ. ഒന്നു മാത്രം പറയാം. ഈ 'തിരുത്ത്' വരുത്തിയ പണ്ഡിതംമന്യന്മാർ ഗ്രന്ഥകാരനെ ധിക്കരിക്കുന്നു, വിവർത്തകരെ അവഹേളിക്കുന്നു. വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നു.

□

വി. വി. ഗോവിന്ദൻനായർ



ജനനം: 1942, അച്ഛൻ: വി. ഗോവിന്ദൻ നായർ, അമ്മ: വി. വി. നാരായണി, കൊൽക്കത്തയിലെ രാമകൃഷ്ണ മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിൽ നിന്ന് സംസ്കൃതത്തിലും ബംഗാളിയിലും ഡിപ്ലോമ.

കൃതികൾ: ഗുരുദക്ഷിണ, സീതാകാവ്യചർച്ച, മാരാരുടെകൂടെ, സാഹിതീ സപര്യ, ധർമജിജ്ഞാസ (പഠനങ്ങൾ), ഗീതാധ്യാനം (വ്യാഖ്യാനം), ഒരമ്മ പെറ്റ മക്കൾ (ബാലസാഹിത്യം).

പരിഭാഷ: പൂർണകുംഭം, അപരാജിതൻ, പഥേർ പാഞ്ചാലി (ബംഗാളിയിൽനിന്ന്).

പത്നി: ഉമാ നായർ, മക്കൾ: കൃഷ്ണപ്രസാദ്, അഭിജിത്ത്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>